"ഭരണഭാഷ - മാതൃഭാഷ"

നം:- ടി.ബി.ഒ/185/2023-എ 1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
(പാഠപുസ്തക വിഭാഗം ) പത്മവിലാസം റോഡ് ഫോർട്ട്,
തിരുവനന്തപുരം-23 .
തീയതി : 06-06-2024

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - പാഠപുസ്തക വിഭാഗം- 2024-25 – അദ്ധ്യയന വർഷത്തെ 1 മുതൽ 10 ക്ലാസ്സുകളിലേയ്ക്ക് ആവശ്യമായ അധിക പാഠപുസ്തകങ്ങളുടെ ഇൻഡന്റ് TBMS (Text Book Supply Monitoring System) മുഖേന ഓൺലൈനായി നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. സർക്കാർ ഉത്തരവ് നം.(സാധാ) നം.4839/2023/പൊ.വി.വ തീയതി 24-08-2023

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13-11-2023 തീയതിയിലെ നം.TBO/185/2023-A1 പ്രകാരമുള്ള സർക്കുലർ

*****

മേൽ സൂചന (2) സർക്കുലറിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ടി സർക്കുലറിലെ ആറാം ഖണ്ഡിക പ്രകാരം 2024-25 അദ്ധ്യയന വർഷത്തെ ആറാം പ്രവർത്തി ദിവസത്തെ വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ നൽകിയിട്ടുള്ള ഇൻഡന്റിനേക്കാൾ കൂടുതൽ പാഠപുസ്തകങ്ങൾ ആവശ്യമെങ്കിൽ പ്രസ്തുത ഇൻഡന്റ് ക്രമീകരിക്കുന്നതിനായി 2024 ജൂൺ മാസം അവസരം നൽകുമെന്നറിയിച്ചിരുന്നു. അതുപ്രകാരം 2023-24 അധ്യയന വർഷത്തെക്കാൾ കൂടുതലായി പൊതുവിദ്യാലയങ്ങളിൽ (ഗവൺമെന്റ് & എയ്ഡഡ്) ഓരോ ക്ലാസ്സിലും 2024-25 അധ്യയന വർഷത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് KITE (Kerala Infrastructure and Technology for Education)-ന്റെ വെബ്സൈറ്റിൽ ഒരുക്കിയിട്ടുള്ള TBMS (Textbook Supply Monitoring System) മുഖേന ഓൺലൈനായി നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

2024-25 അധ്യയന വർഷത്തെ ഒന്നാം വാല്യം പാഠപുസ്തകങ്ങളുടെ പുന:ക്രമീകരണശേഷവും അധികമായി പാഠപുസ്തകങ്ങൾ ആവശ്യമുണ്ടെങ്കിൽ മാത്രമേ അഡീഷണലായി ഇൻഡന്റ് രേഖപ്പെടുത്തുവാൻ പാടുള്ളൂ. സ്കൂളുകൾ അഡീഷണൽ ഇൻഡന്റ് ചെയ്യുന്ന പാഠപുസ്തകങ്ങൾ ജില്ലാ ഉപജില്ലാ തലങ്ങളിൽ പുന:ക്രമീകരണത്തിന്റെ ഭാഗമായി നീക്കിയിരിപ്പില്ലെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്. അടുത്ത അധ്യയന വർഷം 2,4,6,8,10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ കരിക്കുലം മാറുന്നതിനാൽ വളരെ ശ്രദ്ധയോടെ വേണം അഡീഷണൽ ഇൻഡന്റ് രേഖപ്പെടുത്താൻ. അടുത്ത അധ്യയന വർഷം പാഠ്യപദ്ധതി പരിഷ്കരിക്കപ്പെടുന്ന 2,4,6,8,10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പുന:ക്രമീകരണത്തിലൂടെ പൂർണ്ണമായി ഉപയോഗപ്പെടുത്തിയശേഷം മാത്രം അഡീഷണൽ ഇൻഡന്റ് നൽകുവാൻ വിദ്യാഭ്യാസ

ഉപഡയറക്ടർമാർ ശ്രദ്ധിക്കേണ്ടതാണ്. പാഠ്യപദ്ധതി പരിഷ്കരിക്കുന്ന പാഠപുസ്തകങ്ങൾ നീക്കിയിരിപ്പില്ല എന്ന് പ്രത്യേകം ഉറപ്പ് വരുത്തേണ്ടതാണ്.

1. 2024-25 അധ്യയന വർഷത്തിൽ സ്കൂളിലേയ്ക്ക് പുതുതായി ചേർന്നിട്ടുള്ളതും ഏതെങ്കിലും കാരണത്താൽ ഇൻഡന്റ് ചെയ്യാൻ വിട്ടുപോയവരും ചെയ്ത ഇൻഡന്റിൽ കുറവ് വന്നതുമായ സ്കൂളുകൾക്ക് അധികമായി വേണ്ടിവരുന്ന പാഠപുസ്തകങ്ങൾ (ആക്ടിവിറ്റി പാഠപുസ്തകങ്ങൾ ഉൾപ്പെടെ) ഇൻഡന്റ് ചെയ്യുവാനാണ് ഈ അവസരം നൽകിയിരിക്കുന്നത്.
2. ഓൺലൈൻ മുഖേന ഇൻഡന്റ് രേഖപ്പെടുത്തുവാനുള്ള സമയം 2024 ജൂൺ 13 മുതൽ 18 വരെയാണ്. ഈ സമയത്തിനുള്ളിൽ അതാത് സ്കൂളധികൃതർ KITE (Kerala Infrastructure and Technology for Education) (IT @ School) തയ്യാറാക്കിയിട്ടുള്ള TBMS (Textbook Supply Monitoring System) 2024-25 എന്ന സോഫ്റ്റ് വെയർ മുഖാന്തിരം അതാത് സ്കൂളുകൾക്കുള്ള സമ്പൂർണ്ണ യൂസർ നെയിമും പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യേണ്ടതും അധികമായി ആവശ്യമുള്ള പാഠപുസ്തകങ്ങൾ മാത്രം ഇൻഡന്റ് ചെയ്യേണ്ടതുമാണ്.
3. 2024-25 വർഷത്തേയ്ക്ക് വാല്യം 1 മാനുവൽ ഇൻഡന്റ് സമർപ്പിച്ച അംഗീകാരമുള്ള അൺ-എയ്ഡഡ്/സി.ബി.എസ്.ഇ/നവോദയ സ്കൂളുകൾ വാല്യം 2,3 പാഠപുസ്തകങ്ങൾക്കുള്ള ഇൻഡന്റും ഈ അഡീഷണൽ ഇൻഡന്റിനൊപ്പം രേഖപ്പെടുത്തേണ്ടതാണ്.
4. 1,5,7,9 ക്ലാസ്സുകളിലെ ഒന്നാം വാല്യം ആക്ടിവിറ്റി പുസ്തകങ്ങൾ ഇൻഡന്റ് ചെയ്തത് താരതമ്യേന കുറവാണെന്ന് ശ്രദ്ധയിൽപ്പെട്ടു. അത്തരത്തിൽ കുറവ് വന്ന ആക്ടിവിറ്റി പാഠപുസ്തകങ്ങൾ ഈ അഡീഷണൽ ഇൻഡന്റിലിലൂടെ ആവശ്യപ്പെടാവുന്നതാണ്. ഇക്കാര്യത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ എന്നിവർ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.
5. ലോഗിൻ ചെയ്തതിനുശേഷം ഹോം പേജിൽ ലഭ്യമായിട്ടുള്ള "<u>Additional Text Book indent</u>" എന്ന icon ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പേജിൽ ക്ലാസ്സ് സെലക്ട് ചെയ്ത് അധികമായി ആവശ്യമുള്ള പുസ്തകങ്ങൾ എണ്ണം അതാത് ടൈറ്റിലുകൾക്ക് നേരെ ലഭ്യമായിട്ടുള്ള ബോക്സിൽ രേഖപ്പെടുത്തേണ്ടതാണ്.
6. ഇൻഡന്റ് അപ് ലോഡ് ചെയ്ത് കൺഫേം ചെയ്തതിന് ശേഷമുള്ള പകർപ്പ് അതാത് പ്രധാനാദ്ധ്യാപകർ ഒപ്പ് വച്ച് പരിശോധനകൾക്കായി സൂക്ഷിക്കേണ്ടതാണ്.
7. ഇൻഡന്റ് കൺഫേം ചെയ്തതിന്ശേഷം അതിൽ യാതൊരു വ്യത്യാസവും വരുത്തുവാൻ സാധിക്കുകയില്ല. അതിനാൽ വളരെ ശ്രദ്ധയോടുകൂടി വേണം ആവശ്യമായ പാഠപുസ്തകങ്ങളുടെ എണ്ണം രേഖപ്പെടുത്തേണ്ടത്. നിശ്ചിത തീയതിക്കുശേഷം യാതൊരു കാരണവശാലും ഇനിയൊരു അവസരം നൽകുന്നതല്ല.

8. പാഠപുസ്തക ഇൻഡന്റിംഗ് വേളയിൽ പ്രധാനാദ്ധ്യാപകർ പലരും ഇൻഡന്റ് ചെയ്ത പ്രിന്റ് ഔട്ട് എടുത്ത് കൺഫർമേഷൻ നൽകുന്നതിനുമുമ്പ് പരിശോധിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ മേൽസൂചിത കാര്യം ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തെറ്റായി ഇൻഡന്റ് രേഖപ്പെടുത്തുന്നതിനാൽ അധിക അച്ചടി ഉത്തരവ് നൽകുന്നതിനുള്ള സാഹചര്യമുണ്ടാകുന്നു. ഇത്തരത്തിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം ആയതിന് ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകർ

മാത്രമായിരിക്കും ഉത്തരവാദികൾ.

9. **"ടി നിശ്ചിത സമയത്തിനകം ഇൻഡന്റ് ചെയ്യേണ്ടത് സ്കൂളധികൃതരുടെ ഉത്തരവാദിത്വമാണ്".** യഥാസമയം ഇൻഡന്റ് ചെയ്യാതിരിക്കുന്ന പ്രഥമാദ്ധ്യാപകർക്കെതിരെ കർശനനടപടി എടുക്കുന്നതാണെന്നുകൂടി അറിയിക്കുന്നു.
10. അംഗീകാരമുള്ള അൺ എയ്ഡഡ്/സി.ബി.എസ്.ഇ/നവോദയ സ്കൂളുകൾക്കും ആവശ്യമായ പാഠപുസ്തകങ്ങൾക്കും അഡീഷണലായി ഇൻഡന്റ് നൽകാവുന്നതാണ്.
11. നിശ്ചിത സമയത്തിനകം ഇൻഡന്റ് ലഭിച്ചാൽ മാത്രമെ ജൂൺ 25 നകം ആവശ്യമായ അധിക പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിച്ചു നൽകുവാൻ സാധിക്കുകയുള്ളൂ എന്നുകൂടി അറിയിക്കുന്നു. **അഡീഷണൽ ഇൻഡന്റ് 2024 ജൂൺ 13 മുതൽ 18 വരെ മാത്രമായിരിക്കും.**

Signed by
Shanavas S
Date: 06-06-2024 18:35:29
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

1. ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും
4. എല്ലാ ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും

(താങ്കളുടെ അധികാര പരിധിയിലുള്ള എല്ലാ പ്രഥമാദ്ധ്യാപകർക്കും (അംഗീകാരമുള്ള അൺ എയ്ഡഡ്/സി.ബി.എസ്.ഇ/നവോദയ സ്കൂളുകൾക്കും) സർക്കുലർ അയച്ചുനൽകേണ്ടതാണ്.അതോടൊപ്പം ഏതെങ്കിലും കാരണവശാൽ പ്രഥമാദ്ധ്യാപകൻ/പ്രിൻസിപ്പാൾ ഇൻഡന്റിംഗ് സമയത്ത് ലീവാണെങ്കിൽ ചാർജ്ജുള്ള അദ്ധ്യാപകർ മുഖേന സമയബന്ധിതമായി ഇൻഡന്റിംഗ് നടത്തിയിട്ടുണ്ടെന്നുള്ള കാര്യം ഉറപ്പാക്കേണ്ടതാണ്).